ജനറൽ

നാളികേര രക്ഷയ്ക്ക് നടപടി

കണ്ണൂർ: നാളികേരത്തെ തകർച്ചയിൽ നിന്നു രക്ഷിക്കാൻ വിപുലമായ നടപടി കൈക്കൊള്ളുമെന്ന് കൃഷിമന്ത്രി കെ.പി. മോഹനൻ പറഞ്ഞു. കൊപ്രാ സംഭരണ സംവിധാനവും കേന്ദ്രങ്ങളും വിപുലീകരിക്കും. ഓണക്കാഴ്ച എന്ന പച്ചക്കറി വിപണന മേളയുടെ സംസ്ഥാനതല ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം.

നാടൻ വിഭവങ്ങൾ കാത്തു സൂക്ഷിക്കണം

തൃശൂർ: നമ്മുടെ നാടൻ ഭക്ഷ്യോൽപ്പന്നങ്ങളും വിഭവങ്ങളും തനിമ നഷ്ടപ്പെടാതെ കാത്തു സൂക്ഷിക്കണമെന്ന് കേരള കാർഷിക സർവകലാശാലാ വൈസ് ചാൻസലർ ഡോ. കെ.ആർ. വിശ്വംഭരൻ പറഞ്ഞു. വെള്ളാനിക്കര ഹോർട്ടി കൾച്ചർ കോളേജിൽ കേരളത്തിന്റെ തനതായ കാർഷികോൽപ്പന്നങ്ങളെ സംബന്ധിച്ച ശിൽപ്പശാല ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

മന്ത്രിസഭയിൽ നിന്ന് പുറത്താക്കണം

തൃശൂർ: കാസർകോട് വെടിവയ്പ്പിനെക്കുറിച്ച് അന്വേഷിച്ച നിസാർ കമ്മിഷനെ പിരിച്ചുവിട്ട നടപടിയുടെയും വിക്കിലീക്സ് വെളിപ്പെടുത്തലിന്റെയും അടിസ്ഥാനത്തിൽ മന്ത്രിമാരായ കുഞ്ഞാലിക്കുട്ടിയെയും എം.കെ. മുനീറിനെയും മന്ത്രിസഭയിൽ നിന്ന് പുറത്താക്കണമെന്ന് ബി.ജെ.പി. സംസ്ഥാന പ്രസിഡന്റ് വി. മുരളീധരൻ ആവശ്യപ്പെട്ടു.

വൈദ്യുതി കമ്പി പൊട്ടി വീണ് ട്രെയിൻ ഗതാഗതം മുടങ്ങി

കൊല്ലം : റെയിൽവേ വൈദ്യുതി ലൈനിൽ അറ്റുകുറ്റപ്പണി നടത്തുന്നതിനിടെ കമ്പി പൊട്ടിവീണ് കൊല്ലം- തിരുവനന്തപുരം റൂട്ടിൽ ട്രെയിൻ ഗതാഗതം മണിക്കൂറോളം സ്തംഭിച്ചു.

മയ്യനാട് റെയിൽവേ സ്റ്റേഷന് സമീപം ഇന്നലെ ഉച്ചയ്ക്ക് ഒന്നരമണിയോടെയാണ് കമ്പി പൊട്ടി വീണത്. ഇതിനിടയിൽ ഒരു ട്രാക്കിലൂടെ ഗതാഗതം തിരിച്ചുവിട്ടെങ്കിലും പല ട്രെയിനുകളും വഴിയിൽ കിടന്നു.

അവിഹിത സ്വത്ത് : ലോക്സഭാ സ്പീക്കറുടെ സെക്രട്ടറിയെ പുറത്താക്കി

ന്യൂഡൽഹി: ലോക്സഭാസ്പീക്കർ മീരാകുമാറിന്റെ സെക്രട്ടറി എ.പി. പഥക്കിനെതിരെ അവിഹിത സമ്പാദ്യത്തിന് സി.ബി.ഐ കേസെടുത്തു. ഇതേത്തുടർന്ന് പഥക്കിനെ ഔദ്യോഗിക സ്ഥാനത്തുനിന്ന് പുറത്താക്കി. കേസ് രജിസ്റ്റർ ചെയ്തശേഷം ഇന്നലെ സി.ബി.ഐ പഥക്കിന്റെ ഡൽഹിയിലെയും ലക്നൗവിലെയും വസതികളിലും മറ്റും റെയ്ഡ് നടത്തി. കേന്ദ്ര വിജിലൻസ് കമ്മിഷനാണ് പഥക്കിന്റെ കേസ് സി.ബി.ഐയ്ക്ക് വിട്ടത്.

എൻജിനിയറിംഗ് പ്രവേശനം: ഹർജി മാറ്റി

കൊച്ചി: എൻജിനിയറിംഗ് പ്രവേശനത്തിന് എൻട്രൻസ് പരീക്ഷയുടെ മാർക്കിനൊപ്പം യോഗ്യതാപരീക്ഷയുടെ മാർക്കും പരിഗണിച്ചതിനെതിരായ ഹർജിയിൽ തിങ്കളാഴ്ച വാദം തുടരും. ഇന്നലെ കേസ് പരിഗണിച്ചപ്പോൾ, മാർക്ക് ഏകീകരണവുമായി ബന്ധപ്പെട്ട പോരായ്മകൾ ഹർജിക്കാരുടെ അഭിഭാഷകൻ അഡ്വ. കെ. രാംകുമാർ വിശദീകരിച്ചു.

നിധി മൂല്യനിർണയം ഉടൻ തുടങ്ങിയേക്കും

തിരുവനന്തപുരം: ശ്രീപദ്മനാഭ ക്ഷേത്രത്തിലെ നിധിശേഖരത്തിന്റെ മൂല്യനിർണയം ഉടൻ ആരംഭിക്കുമെന്ന് സൂചന. മൂല്യനിർണയത്തിനായി സുപ്രീംകോടതി നിയോഗിച്ച വിദഗ്ദ്ധ സമിതിയും മേൽനോട്ട സമിതിയും പലതവണ യോഗം ചേർന്നെങ്കിലും മൂല്യനിർണയം എന്നു നടത്തുമെന്ന് വ്യക്തമാക്കിയിരുന്നില്ല.

ദേവപ്രശ്നം ചൂണ്ടിക്കാട്ടി ബി നിലവറ തുറക്കരുതെന്ന് ആവശ്യപ്പെട്ട് രാജകുടുംബം സുപ്രീംകോടതിയെ സമീപിച്ചിട്ടുണ്ട്. എന്നാൽ ഇക്കാര്യത്തിൽ അന്തിമ തീരുമാനം വരുന്നതിനു മുമ്പ് തന്നെ മറ്റ് നിലവറകളിലെ മൂല്യനിർണയം സുപ്രീംകോടതിയുടെ മാർഗനിർദ്ദേശ പ്രകാരം നടത്താനാണ് സാദ്ധ്യത.

എസ്.എൻ ട്രസ്റ്റ് യോഗം അലങ്കോലപ്പെടുത്താൻ ശ്രമിച്ചതിൽ പ്രതിഷേധം

മാരാരിക്കുളം: ചേർത്തല എസ്.എൻ കോളേജിൽ ആഗസ്റ്റ് 31ന് നടന്ന എസ്.എൻ ട്രസ്റ്റ് ഡയറക്ടർ ബോർഡ് യോഗം അലങ്കോലപ്പെടുത്താൻ ശ്രമിച്ചതിൽ എസ്.എൻ.ഡി.പി യോഗം ഡയറക്ടർ ബോർഡ് യോഗം ശക്തമായി പ്രതിഷേധിച്ചു. ഇന്നലെ വൈകിട്ട് 3ന് കണിച്ചുകുളങ്ങര യൂണിയൻ ഓഫീസിൽ കൂടിയ ഡയറക്ടർ ബോർഡ് യോഗത്തിൽ യോഗം പ്രസിഡന്റ് ഡോ. എം.എൻ. സോമൻ അദ്ധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി നടേശൻ വാർഷിക റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. എസ്.എൻ ട്രസ്റ്റിൽ അഭിപ്രായ ഭിന്നതയും പ്രശ്നങ്ങളും ഉണ്ടെന്ന് വരുത്തിത്തീർക്കാനുള്ള ചിലയാളുകളുടെ ഗൂഢലക്ഷ്യമാണ് ഇതിന് പിന്നിലെന്ന് യോഗം വിലയിരുത്തി.

എസ്.എൻ. ട്രസ്റ്റിന്റെ വളർച്ചയുടെ ഏറ്റവും പുഷ്കലമായ കാലഘട്ടത്തിൽ ട്രസ്റ്റിന്റെ പ്രവർത്തനത്തെ പിന്നോട്ടടിപ്പിക്കുന്ന ഏതു പ്രവൃത്തിയെയും സമുദായം ഒറ്റക്കെട്ടായി തള്ളിക്കളയുമെന്നും യോഗം അഭിപ്രായപ്പെട്ടു. ട്രസ്റ്റ് യോഗം അലങ്കോലപ്പെടുത്താൻ ശ്രമിച്ചവർക്കെതിരെ കേസെടുത്ത് മാതൃകാപരമായി ശിക്ഷിക്കണമെന്ന് യോഗം ആവശ്യപ്പെട്ടു. വൈസ് പ്രസിഡന്റ് തുഷാർ വെള്ളാപ്പള്ളി, ദേവസ്വം സെക്രട്ടറി അരയാക്കണ്ടി സന്തോഷ് എന്നിവർ പങ്കെടുത്തു.

ഓണത്തിന് കേരളത്തിന് കൂടുതൽ അരി

ന്യൂഡൽഹി: ഓണത്തിന് കേരളത്തിന് 11 രൂപ 65 പൈസ വിലയ്ക്കുള്ള 54,000 ടൺ അരിയും എട്ട് രൂപ 45 പൈസയ്ക്കുള്ള 27,000 ടൺ ഗോതമ്പും അനുവദിച്ചതായി കേന്ദ്ര ഭക്ഷ്യസഹമന്ത്രി കെ.വി. തോമസ് അറിയിച്ചു. അരിക്ക് 47.73 കോടി രൂപയും ഗോതമ്പിന് 19.86 കോടി രൂപയും സബ്സിഡി നൽകുമെന്നും അദ്ദേഹം പറഞ്ഞു.

നാലരവർഷമായി കാർഷിക വി.സിക്ക് പാതി ശമ്പളം

എം.ബി സന്തോഷ്

കൗമുദി സ്പെഷ്യൽ

തിരുവനന്തപുരം:കേരളത്തിൽ ആദ്യമായി പട്ടികജാതിയിൽനിന്ന് വൈസ്ചാൻസലറായി നിയമിതനായ ഡോ.കെ. ആർ.വിശ്വംഭരന് നാലരവർഷമായി സംസ്ഥാന ധനവകുപ്പ് അർഹതപ്പെട്ട ശമ്പളവും ആനുകൂല്യവും നിഷേധിക്കുന്നു.

കാർഷിക സർവകലാശാലാ വി.സിയായ അദ്ദേഹത്തിന് തന്റെ കീഴിലുള്ള ഡെപ്യൂട്ടി രജിസ്ട്രാറുടെ ശമ്പളമാണ് വാങ്ങാനാവുന്നത്. എൺപതിനായിരം രൂപയിലേറെ പ്രതിമാസം കിട്ടേണ്ട സ്ഥാനത്ത് കിട്ടുന്നത് അതിന്റെ പകുതിയോളമാണ്. ഇക്കാര്യം ചൂണ്ടിക്കാട്ടി അദ്ദേഹം മുഖ്യമന്ത്രിക്കും ധനമന്ത്രിക്കും പരാതി നൽകിയിട്ടുണ്ട്.

യു.ജി.സി 2006ലും 2011ലും നിഷ്കർഷിച്ച വൈസ്ചാൻസലറുടെ ശമ്പളസ്കെയിൽ നൽകില്ലെന്നാണ് ധനവകുപ്പിന്റെ നിലപാട്.

ഐ. എ. എസ്സിൽ സ്പെഷ്യൽ സെക്രട്ടറിയായിരിക്കെ വി.സിയായി ചട്ടപ്രകാരം തിരഞ്ഞെടുക്കപ്പെട്ട ഡോ.വിശ്വംഭരൻ 2012 മാർച്ചിൽ വിരമിക്കും. സെക്രട്ടറിയായി പ്രമോഷൻ കിട്ടുന്നതിന് രണ്ട് മാസം മുമ്പായിരുന്നു അദ്ദേഹത്തെ വി.സിയാക്കിയത്.

രാജ്യത്തെ മുഴുവൻ വി.സിമാർക്കും യു.ജി.സി നിബന്ധനപ്രകാരമുള്ള ശമ്പളവും മറ്റാനുകൂല്യങ്ങളും നൽകിക്കഴിഞ്ഞിട്ടും അദ്ദേഹത്തിന് ഐ. എ. എസ്സിലായിരുന്നപ്പോഴത്തെ ശമ്പളമേ നൽകൂ എന്നാണ് ധനവകുപ്പിന്റെ വാദം. ഇത് ചട്ടപ്രകാരം തെറ്റാണ്. സർവകലാശാലാ നിയമപ്രകാരം തിരഞ്ഞെടുക്കപ്പെടുന്ന വി.സിയുടെ സേവനവേതന വ്യവസ്ഥകൾ നിശ്ചയിക്കേണ്ടത് ചാൻസലറായ ഗവർണറാണ്. അതിനുവേണ്ട ഉപദേശം നൽകാനേ സർക്കാരിനധികാരമുള്ളൂ. നാലരവർഷമായി ശരിയായ ഉപദേശം നൽകാതെ ഡോ.വിശ്വംഭരനെ വേട്ടയാടുകയാണ് ധനവകുപ്പ്.

വി.സിയായി തിരഞ്ഞെടുക്കപ്പെടുന്ന ഐ. എ. എസ്സുകാർക്ക് ഉയർന്ന സ്കെയിൽ ലഭിക്കുന്നതിന് ഐ. എ. എസ് ശമ്പള നിയമം 1954 9(6) വകുപ്പ് പ്രകാരം അർഹതയുണ്ട്. ഉയർന്നസ്കെയിലിനർഹതയുള്ളവർക്ക് അവരുടെ ഓപ്ഷനനുസരിച്ച് സ്കെയിൽ നൽകാൻ കേന്ദ്ര പെഴ്സണൽ മന്ത്രാലയത്തിന്റെ സർക്കുലറും നിലവിലുണ്ട്. തന്നേക്കാൾ ഉയർന്ന ശമ്പളം വാങ്ങാൻ അനുവദിക്കില്ലെന്ന ഒരു ഉദ്യോഗസ്ഥന്റെ വാശിയാണ് ഇതിനു പിന്നിലെന്നാണ് സൂചന. ദളിത് സമുദായാംഗമായ വി.സിയെ സർവകലാശാലയിലെ മറ്റ് ഉദ്യോഗസ്ഥരേക്കാൾ കുറഞ്ഞ ശമ്പളം നൽകി അപമാനിക്കുക എന്ന ഗൂഢലക്ഷ്യവും ഇതിന് പിന്നിലുണ്ടെന്ന് ചൂണ്ടിക്കാണിക്കപ്പെടുന്നു.

ഇരട്ടത്താപ്പ്

ഡോ.വിശ്വംഭരന് അർഹതപ്പെട്ട യു.ജി.സി ശമ്പളവും ആനുകൂല്യവും നിഷേധിച്ച ധനവകുപ്പ് കേരള സർവകലാശാലാ വി.സി ഡോ. എ.ജയകൃഷ്ണന് യു.ജി.സി നിരക്കിനേക്കാൾ ഉയർന്ന നിരക്ക് നൽകുന്നതിൽ ഒരു എതിർപ്പും പ്രകടിപ്പിച്ചില്ല! ചെന്നൈ ഐ. ഐ.ടിയിൽ പ്രൊഫസറായിരുന്ന അദ്ദേഹത്തിന്റെ ഉയർന്ന ശമ്പളം സംരക്ഷിക്കുന്നതിനുവേണ്ടി തികച്ചും നിയമവിധേയമായി സ്വീകരിച്ച നടപടിയായിരുന്നു അത്.

വിക്കിലീക്സ് വെളിപ്പെടുത്തൽ ഭാവനാ സൃഷ്ടി: മുനീർ

തിരുവനന്തപുരം : '' വിശ്വസിക്കാമെങ്കിൽ വിശ്വസിക്കുക. വിക്കിലീക്സ് വെളിപ്പെടുത്തലുകളിൽ എന്റെപേരിൽ വന്നവ ഭാവനാ സൃഷ്ടിയാണ്'' മന്ത്രി എം.കെ. മുനീർ വാർത്താസമ്മേളനത്തിൽ പറഞ്ഞു. കുഞ്ഞാലിക്കുട്ടി എൻ.ഡി.എഫുകാരെ സംരക്ഷിക്കുകയാണെന്ന് താൻ പറഞ്ഞതായി വന്ന വിക്കിലീക്സ് വെളിപ്പെടുത്തൽ നിഷേധിക്കുകയായിരുന്നു അദ്ദേഹം.

'ലോകത്താരോടും പറയാവുന്ന കാര്യങ്ങളേ അമേരിക്കൻ ഉദ്യോഗസ്ഥരോടും പറഞ്ഞിട്ടുള്ളൂ. പാർട്ടിയിലെ ആഭ്യന്തരകാര്യങ്ങൾ അപരിചിതനായ ഒരു ഉദ്യോഗസ്ഥനോട് പറയാൻ തക്കവണ്ണം വിവരദോഷിയല്ല ഞാൻ.'

തീവ്രവാദ പ്രസ്ഥാനങ്ങളെ എതിർക്കുന്ന കാര്യത്തിൽ എന്നേക്കാൾ ഒരുപടി മുന്നിലാണ് കുഞ്ഞാലിക്കുട്ടി. എൻ.ഡി.എഫിനെ എതിരിട്ട് വേങ്ങരയിൽ ജയിച്ചു വന്നയാളാണ് അദ്ദേഹം.

പിണറായി പറയുമ്പോൾ അധികാരത്തിൽനിന്ന് ഇറങ്ങാനുള്ളതല്ല തന്റെ പ്രവർത്തനം. അങ്ങനെയെങ്കിൽ പ്രതിപക്ഷനേതാവും രാജി വയ്ക്കണമല്ലോ എന്ന് മുനീർ ചോദിച്ചു.

കുട്ടി രാഷ്ട്രപതി നയം പ്രഖ്യാപിച്ചു, ലോക്പാൽ ബിൽ കമ്മിറ്റിക്ക് വിട്ടു

തിരുവനന്തപുരം: ലോക്പാൽ ബിൽ പാർലമെന്റ് സെലക്ട് കമ്മിറ്റിക്ക് വിട്ടു. ഇത് ഡൽഹിയിലെ ഇന്ത്യൻ പാർലമെന്റിൽ നടന്ന സംഭവമല്ല, തിരുവനന്തപുരത്ത് പഴയ നിയമസഭാമന്ദിരത്തിൽ നടന്ന യൂത്ത് പാർലമെന്റിലാണ് വിദ്യാർത്ഥികൾ അതേ നടപടിക്രമങ്ങൾ കാണിച്ചത്.

കേരള സർക്കാർ സ്ഥാപനമായ പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ട് നടത്തിയ മത്സരത്തിൽ സംസ്ഥാനതല വിജയികളായ പാലക്കാട് മൂത്താന്തറ കർണ്ണകിയമ്മൻ സ്കൂളിലെ 64 വിദ്യാർത്ഥികളാണ് യൂത്ത് പാർലമെന്റിൽ പങ്കെടുത്തത്.

70 മിനിട്ടായിരുന്നു നടപടിക്രമങ്ങൾ. രാഷ്ട്രപതിയുടെ നയപ്രഖ്യാപനമായിരുന്നു ആദ്യ ഇനം. പത്താം ക്ളാസ് വിദ്യാർത്ഥിയായ എസ്. കൃഷ്ണദാസായിരുന്ന രാഷ്ട്രപതി.

ചടങ്ങ് ഉദ്ഘാടനം ചെയ്യാനെത്തിയ മുഖ്യമന്ത്രി ഉമ്മൻചാണ്ടി പഴയ നിയമസഭയിൽ താനിരുന്ന സീറ്റേതാണെന്നാണ് തിരഞ്ഞത്. ജീവനക്കാരുടെ സഹായത്തോടെ പഴയ സീറ്റ് കണ്ടുപിടിച്ചു. സ്പീക്കർ ജി. കാർത്തികേയനാണ് ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചത്. മന്ത്രിമാരായ കെ.സി.ജോസഫ്, പി.കെ. അബ്ദുറബ്ബ്, എം.എൽ.എമാരായ കെ.ശിവദാസൻനായർ, അബ്ദുറഹിമാൻ രണ്ടത്താണി എന്നിവരും പ്രസംഗിച്ചു. സ്കൂളുകൾക്കുള്ള ട്രോഫി സ്പീക്കർ വിതരണം ചെയ്തു.

റൗഫിന്റെ വെളിപ്പെടുത്തലിൽ അന്വേഷണം നടക്കുന്നില്ല

ഐസ്ക്രീം കേസ് സി. ബി. ഐക്കു വിടാൻ വി. എസിന്റെ ഹർജി

സ്വന്തം ലേഖകൻ

കൊച്ചി: ഐസ്ക്രീം പാർലർ കേസ് അട്ടിമറി സംബന്ധിച്ച കെ.എ. റൗഫിന്റെ വെളിപ്പെടുത്തലുകളെത്തുടർന്ന് പൊലീസ് രജിസ്റ്റർ ചെയ്ത കേസിൽ സി.ബി.ഐ അന്വേഷണം ആവശ്യപ്പെട്ട് പ്രതിപക്ഷ നേതാവ് വി.എസ്. അച്യുതാനന്ദൻ ഹൈക്കോടതിയിൽ ഹർജി സമർപ്പിച്ചു.

റൗഫിന്റെ വെളിപ്പെടുത്തലിനെത്തുടർന്ന് പ്രത്യേക അന്വേഷണസംഘം കേസ് എടുത്തെങ്കിലും പി.കെ. കുഞ്ഞാലിക്കുട്ടി മന്ത്രിയായതിനാൽ ഏഴു മാസമായി അന്വേഷണം നടക്കുന്നില്ലെന്ന് ഹർജിയിൽ ആരോപിക്കുന്നു. സംസ്ഥാന സർക്കാരിനെയും സി.ബി.ഐയെയും എതിർ കക്ഷികളാക്കിയാണ് ഹർജി.

ഐസ്ക്രീം കേസ് അട്ടിമറിക്കാൻ നടത്തിയ ശ്രമങ്ങൾ കഴിഞ്ഞ ജനുവരി 28ന് റൗഫ് പത്രസമ്മേളനത്തിൽ വെളിപ്പെടുത്തിയിരുന്നു. സാക്ഷികളെയും ജുഡിഷ്യൽ ഓഫീസർമാരെയും പണം നൽകി സ്വാധീനിച്ചു എന്നായിരുന്നു റൗഫിന്റെ വെളിപ്പെടുത്തൽ. ഇതിന്റെ അടിസ്ഥാനത്തിൽ കുഞ്ഞാലിക്കുട്ടിയെ ഒന്നാം പ്രതിയും റൗഫിനെ രണ്ടാം പ്രതിയുമാക്കി കോഴിക്കോട് ടൗൺ പൊലീസ് ജനുവരി 30 ന് കേസെടുത്തു. റൗഫിന്റെ കുറ്റസമ്മതമൊഴി മജിസ്ട്രേട്ട് രേഖപ്പെടുത്തി. കേസിന്റെ അന്വേഷണത്തിനായി 2011 ഫെബ്രുവരി മൂന്നിന് പ്രത്യേക സംഘത്തെയും നിയോഗിച്ചു. ഇതിനിടെ വന്ന തിരഞ്ഞെടുപ്പിൽ ജയിച്ച് പി.കെ. കുഞ്ഞാലിക്കുട്ടി വ്യവസായ വകുപ്പു മന്ത്രിയായി.

കുഞ്ഞാലിക്കുട്ടി മന്ത്രിയായതിനാലാണ് ഏഴു മാസമായി അന്വേഷണം നടക്കാത്തത്. ഈ സാഹചര്യത്തിൽ നീതിപൂർവകമായ അന്വേഷണത്തിന് കേസ് സി.ബി.ഐക്ക് കൈമാറണമെന്ന് അഡ്വ. ഡി. അനിൽകുമാർ മുഖേന സമർപ്പിച്ച ഹർജിയിൽ ആവശ്യപ്പെടുന്നു.

ഐസ്ക്രീം കേസിന്റെ തെളിവുകൾ നശിപ്പിച്ചെന്നും രേഖകളിൽ കൃത്രിമം കാട്ടിയെന്നും ആരോപിക്കുന്ന ഹർജിയിൽ കേസിൽനിന്ന് രക്ഷപ്പെടാൻ കോടികൾ ചെലവഴിച്ചതിന്റെ രേഖകൾ റൗഫിന്റെ കൈവശമുണ്ടെന്നും പറയുന്നു.

റൗഫിന്റെ വെളിപ്പെടുത്തലിന്റെ പശ്ചാത്തലത്തിൽ പൊലീസ് രജിസ്റ്റർചെയ്ത കേസിന്റെ ഡയറി ഹാജരാക്കാൻ സർക്കാരിന് നിർദ്ദേശം നൽകണമെന്നും ഹർജിയിൽ ആവശ്യമുണ്ട്.

കുഞ്ഞാലിക്കുട്ടിക്ക് എതിരായ ഹർജി: വിധി ആറിന്

തൃശൂർ: അനധികൃത സ്വത്ത് സമ്പാദിച്ചതായി ആരോപിച്ച് മന്ത്രി കുഞ്ഞാലിക്കുട്ടിക്കെതിരെ സമർപ്പിച്ച ഹർജിയിൽ വിജിലൻസ് കോടതി സെപ്തംബർ ആറിന് വിധി പറയും. കഴിഞ്ഞ യു.ഡി.എഫ് സർക്കാരിന്റെ കാലത്ത് മന്ത്രിയായിരിക്കെ കുഞ്ഞാലിക്കുട്ടി കോടിക്കണക്കിന് രൂപയുടെ ഭൂമി സമ്പാദിച്ചെന്നാണ് ഹർജിക്കാരനായ നാഷണൽ സെക്യുലർ കോൺഫറൻസ് നേതാവ് അബ്ദുൾ അസീസിന്റെ ആരോപണം.

തിരുവനന്തപുരം, ഗൂഡല്ലൂർ, കോഴിക്കോട് എന്നിവിടങ്ങളിൽ കുഞ്ഞാലിക്കുട്ടി ഭാര്യയുടെയും ബന്ധുക്കളുടെയും പേരിൽ ഭൂമി വാങ്ങിക്കൂട്ടിയെന്നും രജിസ്ട്രേഷൻ തുക കുറച്ചുകാണിച്ചതിലൂടെ സർക്കാരിന് ലക്ഷങ്ങളുടെ നഷ്ടം ഉണ്ടാക്കിയെന്നുമാണ് ഹർജിയിൽ പറയുന്നത്.

നേരത്തെ ഇതേ പരാതി ഉന്നയിച്ച് അബ്ദുൾ അസീസ് ഹർജി സമർപ്പിച്ചിരുന്നുവെങ്കിലും വേണ്ടത്ര തെളിവില്ലെന്ന കാരണത്താൽ വിജിലൻസ് കോടതി തള്ളുകയായിരുന്നു. വിവരാവകാശ നിയമപ്രകാരം സമ്പാദിച്ച തെളിവുകളുടെ അടിസ്ഥാനത്തിലാണ് അബ്ദുൾ അസീസ് വീണ്ടും ഹർജി നൽകിയത്.

വെള്ളാപ്പള്ളിയുടെ നേതൃത്വം നേട്ടം: യൂത്ത് മൂവ്മെന്റ്

തിരുവനന്തപുരം: ആർ. ശങ്കറിനു ശേഷം കേരളത്തിലെ വിദ്യാഭ്യാസ മേഖലയിലടക്കം നൂതനാശയങ്ങളും വൻ പരിവർത്തനങ്ങളും ഉണ്ടാക്കാൻ കഴിഞ്ഞ എസ്.എൻ.ഡി.പി നേതൃത്വമാണ് വെള്ളാപ്പള്ളി നടേശന്റേതെന്ന് എസ്.എൻ.ഡി.പി യോഗം യൂത്ത് മൂവ്മെന്റ് കേന്ദ്രകമ്മിറ്റിയോഗം അഭിപ്രായപ്പെട്ടു.

ഇന്ത്യയ്ക്കകത്തും പുറത്തും എസ്. എൻ.ഡി.പി യോഗത്തിന്റെ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കാൻ ഈ കാലഘട്ടത്തിനു കഴിഞ്ഞു. അൻപതിലധികം പുതിയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കാനും അതുവഴി ഈഴവ സമുദായത്തിന്റെ ഉന്നമനത്തിനും പുരോഗതിക്കും കളമൊരുക്കാനും വെള്ളാപ്പള്ളിക്കു കഴിഞ്ഞു.

യൂത്ത് മൂവ്മെന്റ് സംസ്ഥാന കൺവീനർ അനിൽ തറനിലം,സജീവ് കല്ലട, രതീഷ് ചെങ്ങന്നൂർ, ജയരാജ് വയനാട്, സന്തോഷ് മലമ്പുഴ, സിനിൽ മുണ്ടപ്പള്ളി, റിജേഷ് കോട്ടയം, പ്രിജി പത്തനംതിട്ട, വൈ. എസ്. കുമാർ, സജി. എസ്.ആർ.എം, ഗിരീഷ് മാത്തുകാട്ടിൽ, കണ്ണൻ കൊല്ലം, അഭിലാഷ് തുടങ്ങിയവർ പ്രസംഗിച്ചു.

പെൻഷൻപ്രായം വർദ്ധിപ്പിക്കാനുള്ള നീക്കത്തിൽ പ്രതിഷേധിച്ച് സെക്രട്ടേറിയറ്റ് പരിസരത്ത് ചാടിക്കടന്ന എ.ഐ.വൈ.എഫ് പ്രവർത്തകനെ പൊലീസ് അറസ്റ്റ് ചെയ്ത് നീക്കുന്നു.

പെൻഷൻപ്രായം ഉയർത്തൽ: എ.ഐ.വൈ.എഫ് ഇന്ന് മുഖ്യമന്ത്രിയുടെ കോലം കത്തിക്കും

തിരുവനന്തപുരം: പെൻഷൻ പ്രായം ഉയർത്താനുള്ള നീക്കത്തിൽ പ്രതിഷേധിച്ച് ഇന്ന് ജില്ലാ കേന്ദ്രങ്ങളിൽ മുഖ്യമന്ത്രിയുടെ കോലം കത്തിക്കുമെന്ന് എ. ഐ. വൈ. എഫ് സംസ്ഥാന സെക്രട്ടറി അഡ്വ. കെ. രാജൻ വാർത്താസമ്മേളനത്തിൽ പറഞ്ഞു.

പെൻഷൻപ്രായം ഉയർത്താനുള്ള നീക്കത്തെ എന്തു വിലകൊടുത്തും ചെറുക്കും. പ്രായം ഉയർത്തുന്നതിനെപ്പറ്റി ആലോചിക്കാൻ മന്ത്രിസഭാ ഉപസമിതിയെ വച്ചത് തന്നെ യുവാക്കളോടുള്ള വെല്ലുവിളിയാണെന്ന് രാജൻ പറഞ്ഞു.

പെൻഷൻപ്രായം വർദ്ധിപ്പിക്കാനുള്ള നീക്കത്തിൽ പ്രതിഷേധിച്ച് എ. ഐ. വൈ. എഫ് പ്രവർത്തകർ സെക്രട്ടേറിയറ്റിലേക്ക് മാർച്ച് നടത്തി. മാർച്ചിൽ പങ്കെടുത്ത വെള്ളാർ പണയിൽവീട്ടിൽ സാബു സെക്രട്ടേറിയറ്റ് മതിൽ ചാടിക്കടന്നു. ഇയാളെ പൊലീസ് ഓടിച്ചിട്ടു പിടിച്ചു. കന്റോൺമെന്റ് പൊലീസ് കേസെടുത്തശേഷം ജാമ്യത്തിൽ വിട്ടു.

യുവജന സംഘടനകൾ മുഖ്യമന്ത്രിയെ കണ്ടു

തിരുവനന്തപുരം: പെൻഷൻ പ്രായം ഉയർത്താനുള്ള നീക്കത്തിൽനിന്ന് പിന്മാറണമെന്നാവശ്യപ്പെട്ട് ഇടത് യുവജന സംഘടനാ നേതാക്കൾ മുഖ്യമന്ത്രിക്ക് നിവേദനം നൽകി.

പെൻഷൻപ്രായം വർദ്ധിക്കുന്നതോടെ നിയമനങ്ങൾ വർഷങ്ങളോളം മരവിക്കുമെന്ന് ഡി.വൈ.എഫ്.ഐ പ്രസിഡന്റ് പി.ശ്രീരാമകൃഷ്ണൻ എം.എൽ.എ, സംസ്ഥാന സെക്രട്ടറി ടി.വി. രാജേഷ് എം.എൽ.എ, എ.ഐ.വൈ.എഫ് സംസ്ഥാന സെക്രട്ടറി കെ.രാജൻ, ജോയിന്റ് സെക്രട്ടറി കാലടി ജയചന്ദ്രൻ, ആർ.വൈ.എഫ് സംസ്ഥാന സെക്രട്ടറി സലിം പി. ചാക്കോ, ആർ. രാജേഷ് എം.എൽ.എ എന്നിവർ നിവേദനത്തിൽ ചൂണ്ടിക്കാട്ടി.ഇക്കാര്യത്തിൽ തീരുമാനമെടുത്തിട്ടില്ലെന്നും ഇതുൾപ്പെടെയുള്ള വിഷയങ്ങൾ ചർച്ച ചെയ്യാൻ ഉടൻ യുവജന സംഘടനകളുടെ യോഗം വിളിക്കുമെന്നും മുഖ്യമന്ത്രി അറിയിച്ചതായി അവർ പറഞ്ഞു.

അമേരിക്കയോടുള്ള സി.പി.എം നിലപാടിൽ മാറ്റമില്ല: വി.എസ്

കോഴിക്കോട്: അമേരിക്കയോടുള്ള സി.പി.എം നിലപാടിൽ യാതൊരു മാറ്റവും വന്നിട്ടില്ലെന്ന് പ്രതിപക്ഷനേതാവ് വി.എസ്. അച്യുതാനന്ദൻ കോഴിക്കോട്ട് മാദ്ധ്യമ പ്രവർത്തകരോട് പറഞ്ഞു.

അമേരിക്ക വേറെ, അമേരിക്കൻ സാമ്രാജ്യത്വം വേറെയെന്ന നിലപാട് പാർട്ടിക്കില്ല. രണ്ടും ഒന്നു തന്നെയാണ്. അമേരിക്കയോട് യാതൊരു അനുഭാവവുമില്ല. ക്യൂബയിലെ ഫിഡൽ കാസ്ട്രോയെ 117 പ്രാവശ്യം കൊല്ലാൻ ശ്രമിച്ചവരാണവർ. ഇപ്പോഴും അവർക്ക് യാതൊരു മാറ്റവും വന്നിട്ടില്ല.

അമേരിക്കയോട് സി.പി.എമ്മിന് എതിർപ്പില്ലെന്നും സാമ്രാജ്യത്വത്തോടാണ് എതിർപ്പെന്നും പാർട്ടി സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം വി.വി. ദക്ഷിണാമൂർത്തി കഴിഞ്ഞദിവസം പറഞ്ഞിരുന്നു. അതിനോട് വിയോജിക്കുകയായിരുന്നു വി.എസ്. ഫലത്തിൽ ഔദ്യോഗികപക്ഷ നിലപാടിനോടുതന്നെ അദ്ദേഹം വിയോജിച്ചിരിക്കുകയാണ്.

മുസ്ലീം ലീഗിനെക്കുറിച്ചും മുനീറിനെക്കുറിച്ചുമുള്ള വിക്കിലീക്സിന്റെ വെളിപ്പെടുത്തലിൽ കഴമ്പില്ലെന്ന പി.കെ. കുഞ്ഞാലിക്കുട്ടിയുടെ നിലപാട് അദ്ദേഹം അനുവർത്തിച്ചുവരുന്ന നയത്തിന്റെ ഭാഗമാണെന്നും വി.എസ് പറഞ്ഞു. സ്വന്തം നേതാവായ കുഞ്ഞാലിക്കുട്ടിയെപ്പറ്റി മുനീറിന്റേതായി വന്നിട്ടുള്ള വിക്കിലീക്സിന്റെ വെളിപ്പെടുത്തലുകൾ നിഷേധിക്കേണ്ട കാര്യമില്ല. ഏറെക്കാലമായി കുഞ്ഞാലിക്കുട്ടി പലതും നിഷേധിച്ചുകൊണ്ടിരിക്കുകയാണ്. അതേസമയം വിക്കിലീക്സിന്റെ വിശ്വാസ്യത എത്രത്തോളമുണ്ട് എന്ന ഒരു പ്രശ്നമുണ്ട്.

വാർത്ത ചോർത്തലുമായി ബന്ധപ്പെട്ട് ബ്രിട്ടീഷ് പാർലമെന്റ് മുമ്പാകെ മാപ്പുപറഞ്ഞ വ്യക്തിയാണ് മർഡോക്ക്. അത്തരമൊരു ആളിന്റെ ചാനലിൽ ജോലിചെയ്യുന്ന അനുയായി ആയിട്ടുള്ള ഒരു വ്യക്തിയാണ് ജോൺ ബ്രിട്ടാസ്. അതിനാൽ ബ്രിട്ടാസ് തന്നെക്കുറിച്ച് പറഞ്ഞ കാര്യങ്ങളെപ്പറ്റി കൂടുതൽ ഒന്നും പറയാനില്ല. ബ്രിട്ടാസ് മുമ്പും അത്തരത്തിൽ പലതും പറഞ്ഞിട്ടുണ്ട്- വി.എസ് പറഞ്ഞു.

കമ്മ്യൂണിസ്റ്റ് പാർട്ടികൾ രാജവാഴ്ചയ്ക്കെതിര്: വി.എസ്

കൊയിലാണ്ടി: രാജവാഴ്ചയ്ക്കും ജൻമിത്വത്തിനും എതിരായി ശക്തമായ സമരങ്ങൾ നടത്തിയ ചരിത്രമാണ് കമ്മ്യൂണിസ്റ്റ് പാർട്ടികൾക്കുള്ളതെന്ന് പ്രതിപക്ഷ നേതാവ് വി.എസ്. അച്യുതാനന്ദൻ പറഞ്ഞു. സി.പി.എം. കൊയിലാണ്ടി ഏരിയാകമ്മിറ്റി ഓഫീസിനുവേണ്ടി നിർമ്മിച്ച ഇ.കെ.നായനാർ സ്മാരക മന്ദിരം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

പത്മനാഭസ്വാമി ക്ഷേത്രത്തിന്റെ സമ്പത്ത് പലരും കൊണ്ടുപോയെന്ന് പറഞ്ഞത് മുഖ്യമന്ത്രിയായിരുന്നപ്പോൾ തനിക്കു കിട്ടിയ പരാതികളുടെ അടിസ്ഥാനത്തിലാണ്. ഈ കാര്യമാണ് സുപ്രീം കോടതിയിലും വ്യക്തമാക്കിയത്. കോടതിവിധി വന്നപ്പോൾ ആർക്കും പരാതിയില്ല. എന്നാൽ താൻ പറഞ്ഞപ്പോൾ അത് വിവാദമാക്കാനാണ് പലരും ശ്രമിച്ചത്. ബി നിലവറ തുറന്നാൽ നശിച്ചുപോകുമെന്ന് പറയുന്നവർ സ്വർണ്ണമെടുത്ത് കൊടിമരത്തിന് പൂശിയതിനെ തുടർന്ന് ആരെങ്കിലും നശിച്ചുപോയിട്ടുണ്ടോയെന്ന് വ്യക്തമാക്കണം. രാജാധിപത്യത്തിനും ഫ്യൂഡൽ വ്യവസ്ഥയ്ക്കും എതിരേ സമരം നയിച്ച തന്നെപ്പോലുള്ളവരുടെ ദേഹത്ത് ഇപ്പോഴും മർദ്ദനത്തിന്റെ പാടുണ്ട്. രാജഭക്തി പ്രകടിപ്പിച്ച് പലരും ഇപ്പോൾ പറയുന്ന അഭിപ്രായങ്ങൾ മുൻകാലത്ത് തിരുവിതാംകൂർ രാജാക്കൻമാരുടെ മർദ്ദക ഭരണത്തെക്കുറിച്ച് അറിയാത്തതുകൊണ്ടാണെന്ന് വി.എസ്. പറഞ്ഞു.

ചടങ്ങിൽ മുൻ.എം.എൽ.എ പി.വിശ്വൻ അദ്ധ്യക്ഷത വഹിച്ചു.

ജോമേഷിന്റെ മൃതദേഹം ഇന്ന് സംസ്കരിക്കും



ഇരിട്ടി: ഡൽഹി മുത്തൂറ്റ് ഫിനാൻസിലുണ്ടായ വെടിവെപ്പിൽ കൊല്ലപ്പെട്ട ഇരിട്ടി കീഴ്പ്പള്ളി അത്തിക്കലിലെ ടി.ബി. ജോമേഷിന്റെ (23) മൃതദേഹം ഇന്ന് സംസ്കരിക്കും. മൃതദേഹം ഇന്നലെ രാത്രി കോഴിക്കോട് വിമാനത്താവളത്തിലെത്തിച്ചു.

ഒരു വർഷം മുമ്പാണ് ജോമേഷ് മുത്തൂറ്റിൽ ജോലിക്കായി ചേർന്നത്. തൈപ്പറമ്പിലെ പാസ്റ്റർ ടി.ജെ. ബേബിയുടെയും മേരിയുടെയും മകനാണ്. സുഭാഷ്, ജോഷി, ജോൺസൺ എന്നിവർ സഹോദരങ്ങളാണ്. ആറു വർഷം മുമ്പാണ് ഈ കുടുംബം കീഴ്പ്പള്ളിയിലെത്തിയത്.

മുത്തൂറ്റ് വെടിവയ്പ്: അനുമോളുടെ നില ഗുരുതരം

ന്യൂഡൽഹി: വ്യാഴാഴ്ച രാത്രി സെക്യൂരിറ്റി ഗാർഡിന്റെ വെടിയേറ്റ് ഡൽഹി എ.ഐ.ഐ.എം.എസ് ട്രോമകെയർ യൂണിറ്റിൽ ചികിത്സയിലുള്ള മുത്തൂറ്റ് ബാങ്ക് ജീവനക്കാരി കോട്ടയം സ്വദേശി അനുമോളുടെ നില ഗുരുതരാവസ്ഥയിൽ.

വെടിവയ്പിൽ മരിച്ച മലയാളികളായ പത്തനംതിട്ട സീതത്തോട് സീതക്കുഴി സൂരിയുടെ മകൻ കൃഷ്ണകുമാറിന്റെയും(25) കണ്ണൂർ കീഴ്പ്പള്ളി തൈപ്പറമ്പിൽ പാസ്റ്റർ ടി.ജെ. ബേബിയുടെ മകൻ ടി.ബി.ജോമേഷിന്റെയും(24) മൃതദേഹങ്ങൾ പോസ്റ്റ്മാർട്ടം നടത്തി. ജോമേഷിന്റെ മൃതദേഹം ഇന്നലെ നാട്ടിലേക്ക് കൊണ്ടുപോയി. മരിച്ച കൃഷ്ണകുമാറിന്റെ മൃതദേഹം ഇന്ന് നാട്ടിലേക്ക് കൊണ്ടുപോകും. പിതാവും മറ്റു ബന്ധുക്കളും ഇന്നലെ ഡൽഹിയിലെത്തി.

പരിക്കേറ്റ മറ്റൊരു ജീവനക്കാരി ഡൽഹി സ്വദേശി നിധിഗായിയെ അപകടനില തരണം ചെയ്തതിനെ തുടർന്ന് വാർഡിലേക്ക് മാറ്റി.

വയറ്റിൽ രണ്ട് വെടിയേറ്റ അനുമോളെ വ്യാഴാഴ്ച രാത്രി തന്നെ ശസ്ത്രക്രിയ നടത്തി വെടിയുണ്ട പുറത്തെടുത്തു. എന്നാൽ വെടിയേറ്റതുമൂലം ശരീരത്തിനുള്ളിൽ രക്തസ്രാവമുണ്ടായതാണ് സ്ഥിതി വഷളാക്കിയത്. ഇന്ന് വീണ്ടും ഓപ്പറേഷൻ നടത്തും. ട്രോമകെയറിൽ അനുമോൾ അബോധാവസ്ഥയിലാണ്. ഡൽഹിയിൽ നഴ്സായ സഹോദരിയും ഭർത്താവും ആശുപത്രിയിലുണ്ട്. മറ്റു ബന്ധുക്കൾ ഇന്ന് വരും. അനുമോൾക്ക് ഇന്ന് ഓപ്പറേഷന് ഉപയോഗിക്കാനായി ഡൽഹി മലയാളി അസോസിയേഷന്റെ നേതൃത്വത്തിൽ ആവശ്യമായ രക്തം ഏർപ്പാടാക്കിയിട്ടുണ്ട്.

ജോലി രാജിവച്ച് നാട്ടിലേക്ക് പോകാനിരുന്ന കൃഷ്ണകുമാർ നടത്തിയ വിരുന്നിനിടെയാണ് ദുരന്തമുണ്ടായത്. ജീവനക്കാർക്ക് മധുരം വിതരണം ചെയ്തിരുന്നു. മധുരം തനിക്ക് ലഭിച്ചില്ലെന്നു പറഞ്ഞുകൊണ്ടാണ് സെക്യൂരിറ്റി ഗാർഡായ വിശ്രാംസിംഗ് തർക്കത്തിന് തുടക്കമിട്ടത്. അയാൾ മാനസികമായി പിരിമുറുക്കത്തിലായിരുന്നുവെന്ന് പറയുന്നു. പെട്ടെന്ന് ആൾ പൊട്ടിത്തെറിക്കുകയും ഓഫീസ് വാതിൽ കുറ്റിയിട്ട ശേഷം വെടിയുതിർക്കുകയുമായിരുന്നു. ഗാർഡിന്റെ മുന്നിൽ നിന്ന കൃഷ്ണകുമാറിനും ജോമേഷിനുമാണ് ആദ്യം വെടിയേറ്റത്. ഇരുവരും ആശുപത്രിയിലേക്ക് കൊണ്ടുപോകും വഴി മരിച്ചു. സംഭവത്തെത്തുടർന്ന് ഓഫീസ്പൊലീസ് സീൽ ചെയ്തിരിക്കുകയാണ്.

കൃഷ്ണകുമാറിന്റെ മൃതദേഹം ഇന്ന് നാട്ടിലെത്തിക്കും



പത്തനംതിട്ട: സുരക്ഷാ ഗാർഡിന്റെ വെടിയേറ്റു മരിച്ച മുത്തൂറ്റ് ഫിനാൻസ് ഡൽഹി – ഗോവിന്ദ്പുരി ശാഖയിലെ ജീവനക്കാരൻ സീതത്തോട് സ്വദേശി കൃഷ്ണകുമാറിന്റെ (26) മൃതദേഹം ഇന്നു നാട്ടിലെത്തിക്കും. മുണ്ടൻപാറ അർക്കവിലാസത്തിൽ സുരേന്ദ്രൻ നായരുടെ ഏകമകനാണ് കൃഷ്ണകുമാർ. എം.ബി.എ പഠനത്തിനുശേഷമാണ് മുത്തൂറ്റ് ഫിനാൻസിൽ ചേർന്നത്. വിവരമറിഞ്ഞ് പിതാവും ബന്ധുവും ഇന്നലെ ഡൽഹിയിലെത്തി.

കണ്ണൂരിലെ കോൺഗ്രസ് പോര്:കെ.പി.സി.സി സെക്രട്ടറി റിപ്പോർട്ട് നൽകി

ഒ.സി.മോഹൻരാജ്

കണ്ണൂർ: അതിരുവിട്ട ഗ്രൂപ്പുപോര് മുഴുവൻ കോൺഗ്രസ്സുകാർക്കും നാണക്കേടുണ്ടാക്കിയെന്ന് കണ്ണൂരിന്റെ ചുമതലയുള്ള കെ.പി.സി.സി സെക്രട്ടറി വി.ജെ. പൗലോസ് പ്രസിഡന്റ് രമേശ്ചെന്നിത്തലയ്ക്കു നൽകിയ റിപ്പോർട്ടിൽ പറയുന്നു.

ഇരുവിഭാഗവും വേണ്ടത്ര മിതത്വവും പക്വതയും കാട്ടിയിരുന്നെങ്കിൽ പ്രശ്നങ്ങൾ ഒഴിവാക്കാമായിരുന്നു. ഇരുവിഭാഗവും നടത്തിയ നാടകങ്ങൾ നേതൃത്വത്തെ മാത്രമല്ല അണികളെയും ദോഷകരമായി ബാധിച്ചിട്ടുണ്ട്- റിപ്പോർട്ടിൽ പറയുന്നു.

കെ. സുധാകരൻ രക്തസാക്ഷിഫണ്ട് മുക്കിയെന്ന് മാദ്ധ്യമങ്ങളിൽ പരസ്യമായി ആരോപിച്ച പി. രാമകൃഷ്ണന്റെ നടപടിയെയും റിപ്പോർട്ടിൽ കുറ്റപ്പെടുത്തുന്നുണ്ട്.കെ. സുധാകരന്റെ നേതൃത്വത്തിലുള്ള വിശാല ഐ വിഭാഗം എടുത്തുചാട്ടം കാണിച്ചതും പ്രശ്നങ്ങൾ സങ്കീർണമാക്കി.

അതേ സമയം കെ.പി.സി.സി പ്രസിഡന്റ് രമേശ് ചെന്നിത്തലയുമായി കെ.പി.സി.സി ജനറൽ സെക്രട്ടറി കെ. സുധാകരൻ കഴിഞ്ഞ ദിവസം നടത്തിയ ചർച്ചയിലും പുരോഗതിയൊന്നുമുണ്ടായില്ല.പി. രാമകൃഷ്ണനെ ഡി.സി.സി പ്രസിഡന്റ് സ്ഥാനത്ത് നിലനിറുത്തി മുന്നോട്ട് പോകാൻ കഴിയില്ലെന്നു സുധാകരൻ ചെന്നിത്തലയെ ധരിപ്പിച്ചിട്ടുണ്ട്.

കെ.പി.സി.സി വിശദീകരണം തേടും

തിരുവനന്തപുരം : കണ്ണൂർ ഡി.സി.സി പ്രസിഡന്റ് പി. രാമകൃഷ്ണനും കണ്ണൂർ എം.പി കെ. സുധാകരനും തമ്മിലുള്ള പരസ്യമായ വിഴുപ്പലക്കലിന്റെ പശ്ചാത്തലത്തിൽ ഇരുവരോടും വിശദീകരണം തേടാൻ കെ.പി.സി.സി നേതൃത്വം തീരുമാനിച്ചു.

ഇന്നലെ കെ.പി.സി.സി പ്രസിഡന്റ് രമേശ് ചെന്നിത്തല, മുഖ്യമന്ത്രി ഉമ്മൻചാണ്ടി എന്നിവർ പങ്കെടുത്ത നേതൃയോഗത്തിലാണ് തീരുമാനം. കണ്ണൂരിൽ ഇരുവിഭാഗങ്ങൾ നടത്തുന്ന പ്രസ്താവനായുദ്ധം യു.ഡി.എഫ് സർക്കാരിനും കോൺഗ്രസിനും നാണക്കേട് ഉണ്ടാക്കിയെന്ന വിലയിരുത്തലിന്റെ അടിസ്ഥാനത്തിലാണ് വിശദീകരണം തേടാൻ തീരുമാനിച്ചത്.

അതേസമയം, രാമകൃഷ്ണനെ ഡി.സി.സി പ്രസിഡന്റ് സ്ഥാനത്തുനിന്ന് നീക്കണമെന്ന കണ്ണൂർ ജില്ലയിലെ വിശാല ഐ പക്ഷത്തിന്റെ ആവശ്യത്തിന് കാര്യമായ പിന്തുണ കിട്ടിയിട്ടില്ല. ഡി.സി.സി പുനഃസംഘടന വേളയിൽ ഈ ആവശ്യം പരിഗണിക്കാമെന്ന് മാത്രമാണ് കെ.പി.സി.സി നേതൃത്വം വിശാല ഐ പക്ഷത്തോട് പറഞ്ഞിട്ടുള്ളത്.